മിസ്റ്റർ എം. ശിവരാമമേനോൻ: ഉവ്വ്.

മിസ്റ്റർ കെ. കെ. കണ്ണൻ: റഫർ നോട്ടീസുകൊടുക്കുന്നതു കോടതിയിൽ നിന്നാണോ?

മിസ്റ്റർ എം. ശിവരാമമേനോൻ: അല്ല. പോലീസുതന്നെ നേരിട്ടു കൊടുക്കുകയാണു്.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: മന്ത്രിയും അധഃകൃത സംരക്ഷകനും പോലീസുകമ്മിഷണരുംകൂടി നടത്തിയ ഒരു കോൺഫറൻസിൽവെച്ചു് അധഃകൃതരുടെ കേസു റഫർ ചെയ്യുന്നതിനുമുമ്പു് അധഃകൃത സംരക്ഷകനെ അറിയിക്കണമെന്ന ഒരു തീരുമാനം ഉണ്ടായിട്ടുള്ളതായി അറിയാമോ?

റാവുബഹദൂർ ടി. കെ. നായർ: നോട്ടീസുവേണം.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: അങ്ങിനെയുണ്ടെങ്കിൽ ആ നിർദ്ദേശം നടപ്പിൽ വരുത്തുവാൻ നടപടി എടുക്കാമോ?

റാവുബഹദൂർ ടി. കെ. നായർ: ഉണ്ടെങ്കിൽ ബുദ്ധിമുട്ടില്ല. ഇല്ലെങ്കിലും അതിനെപ്പറ്റി ആലോചിക്കാം.

## KOLAZI RATION SHOP COMPLAINTS—DETAILS REGARDING

**303.** മിസ്റ്റർ കെ. ടി. അച്യുതൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവണ്മെണ്ടു ദയവായി മറുപടി പറയുമോ.—

(എ) കോലഴി ഫ്ലഡ്-ാംനമ്പർ റേഷൻ പീടിക നടത്തിവരുന്നതു ആരാണു്;

(ബി) ഈ റീട്ടെയിലരുടെ പേരിൽ റേഷൻ വിതരണകാര്യത്തിൽ വല്ല ആക്ഷേപങ്ങളും ഗവണ്മെണ്ടു ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതു എന്താണു്; എന്നാണു്;

(സി) ഇതിനെപ്പറ്റി വല്ല നടപടിയും എടുത്തിട്ടുണ്ടോ; അതു എന്താണു്;

(ഡി) ഈ റീട്ടെയിലർ വല്ല ഹർജികളും ഗവണ്മെണ്ടിലേക്കോ, ഡിപ്പാർട്ടുമെണ്ടിലേക്കോ അയച്ചിട്ടുണ്ടോ;

(ഇ) എത്ര പ്രാവശ്യം Stay order ഈ കാര്യത്തിൽ കൊടുത്തിട്ടുണ്ടു്;

(എഫ്) ഇപ്പോൾ വല്ല Stay order-ും നിലവിലുണ്ടോ?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ:

(എ) മിസ്റ്റർ കെ. ആർ. സുബ്രഹ്മണ്യയ്യർ.

(ബി) ഉവ്വു്. ഫ്ലഡ് മീനം നു-ാം രു-യിൽ പീടികയിൽ അരിയുടെ സ്റ്റോക്കു തീർന്നിട്ടും, സമയത്തിനു വീണ്ടും അരി കൊണ്ടുവരാതെ കാർഡു ഉടമസ്ഥന്മാരെ ബുദ്ധിമുട്ടിച്ചുതായി ആക്ഷേപം കിട്ടുക ഉണ്ടായിട്ടുണ്ടു്.

(സി) ഉവ്വു്; മിസ്റ്റർ സുബ്രഹ്മണ്യയ്യരുടെ ഷാപ്പിലെ കാർഡുകളിൽ പകുതി കോലഴി കോ-ഓപ്പറേറ്റീവു് സൊസൈറ്റിക്കു കൊടുപ്പാൻ ഉത്തരവായി.

(ഡി) ഉവ്വു്.

(ഇ) മൂന്നു പ്രാവശ്യം.

(എഫ്) ഇല്ല.

മിസ്റ്റർ കെ. ടി. അച്യുതൻ: ഇതിൽ പറയുന്ന ആൾക്കു് ഇപ്പോൾ ഷാപ്പുകൊടുത്തിട്ടുണ്ടോ?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: കൊടുത്തിട്ടുണ്ടു്.

മിസ്റ്റർ കെ. ടി. അച്യുതൻ: ആ ഷാപ്പിൽ ഇപ്പോൾ എത്ര കാർഡുകളുണ്ടു്.

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: അതിന്റെ നമ്പ്രു് ഇപ്പോൾ പറയുവാൻ നിവൃത്തിയില്ല.

മിസ്റ്റർ കെ. ടി. അച്യുതൻ: ഈ ഷാപ്പുള്ള സൊസൈറ്റിക്കു് എല്ലിച്ചുകൊടുത്തതു്?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: ഇയാളുടെപേരിൽ ഒരു കംപ്ലെയിൻറു് ഉണ്ടായിരുന്നു. അതായതു ഒരു ദിവസം തൃശ്ശൂക്കു് ആളെ അയച്ചിട്ടു അരി കൊണ്ടുവരാൻ കഴിച്ചു വൈകിപോയി. വൈകുന്നേരം ആയപ്പോഴേക്കും അരി കൊണ്ടുവന്നു കൊടുക്കുകയും ചെയ്തു. ആ ഒരു കംപ്ലെയിൻറുകൊണ്ടുമാത്രം കാർഡുകൾ മുഴുവനും മാറ്റേണ്ടതെന്നുവെച്ചു് ആ ഷാപ്പിലെ കാർഡിൽ പകുതി സൊസൈറ്റിക്കു കൊടുത്തു.

മിസ്റ്റർ എം. കെ. രാജു: സുബ്രഹ്മണ്യയ്യരുടെ റേഷൻ ഷാപ്പിൽ നിന്നു കുറെ കാർഡുകൾ സൊസൈറ്റിക്കു് കൊടുക്കുവാൻ തീരുമാനിച്ചതു് സൊസൈറ്റിക്കു് ഒരു സഹായമായിട്ടോ, അതോ ഷാപ്പുടമസ്ഥനു് ഒരു ശിക്ഷയായിട്ടോ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: സൊസൈറ്റിക്ക് ഒരു സഹായമാകട്ടെയെന്നു കരുതിയാണ്.

മിസ്റ്റർ പി. കെ. ഡീവർ: ഈ റേഷൻ ഷാപ്പിലെ കാർഡു ഉടമസ്ഥന്മാക്ക് ഏതെങ്കിലും ഒരു ദിവസം അരി കിട്ടാതെയിരുന്നിട്ടുണ്ടോ?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: ഒരു ദിവസം കാലത്തു് രണ്ടുചാക്ക് അരിയെ ഷാപ്പിൽ ഉണ്ടായിരുന്നുള്ളൂ. ആ രണ്ടുചാക്കു അരി അന്നു കാർഡുകാക്കു കൊടുക്കുവാൻ മതിയായില്ല. അരികൊണ്ടുവരാൻ താമസമുണ്ടായതോ മറ്റോ വൈകി, അത്രേയുള്ളൂ.

മിസ്റ്റർ പി. കെ. ഡീവർ: അന്നുതന്നെ കാർഡുകാക്ക് അരി കൊടുക്കുവാൻ സാധിച്ചുവോ?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: ഉവ്വ്.

മിസ്റ്റർ കെ. ടി. അച്യുതൻ: ഈ ഷാപ്പു തുടങ്ങിയതിന്നു ശേഷം ഇതുകൂടാതെ വേറെ വല്ല ആക്ഷേപമുണ്ടായിട്ടുണ്ടോ?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: അവിടെ ഒരു അടിപിടിയുണ്ടായതായിട്ട് പത്രങ്ങളിൽ ചില ആക്ഷേപങ്ങളുണ്ടായതായി കണ്ടിട്ടുണ്ടു്, എൻകയറി നടത്തിയതിൽ ശരിയല്ലെന്നു കണ്ടു

മിസ്റ്റർ വി. ർ. കൃഷ്ണനെഴുത്തശ്ശൻ: മുന്നു പ്രാവശ്യം Stay order കൊടുത്തിട്ടുണ്ടെന്നു പറഞ്ഞു. അതു എന്നൊക്കെയാണു്?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: ആദ്യം കൊടുത്തതു് ൪— ൭— ൪൭-ലാണു്. പിന്നീടുകൊടുത്തതു് ന ൦— ൯— ൪൭-ലാണു്.

മിസ്റ്റർ എം കെ. രാജ: ഇതിന്റെ മലയാളം തിയ്യതിയൊന്നു പറഞ്ഞാൽ കൊള്ളാം.

**Mr. K. Balakrishna Menon** *(Minister for Food and Education):* I am sorry that you could not understand it.

**Mr. M. K. Raja** *(Mulakunnathukavu):* I did not mean any insinuation against the Hon'ble Minister. What I meant was that the person who supplied him with the answer might have intended to create confusion.

**Mr. K. Balakrishna Menon** *(Minister for Food and Education):* I will prefer to take the responsibility on myself.

**Mr. M. K. Raja** *(Mulakunnathukavu):* Then I am not responsible for the alleged insinuation. The Hon'ble Minister can explain things as best as he can.

മിസ്റ്റർ കെ. ടി അച്യുതൻ: ഈ Stay order കൊടുത്തതു് എന്തെങ്കിലും ഒരു തീരുമാനം ചെയ്യുവാൻ വേണ്ടിയല്ലെ?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: അതെ.

## FIRE OFFICER—COMPLAINTS AGAINST

**304. Mr. P. A. Mohamed Ashroff** *(Cranganur):* Will Government be pleased to state.—

*(a)* has the Commissioner of Police received any complaints about the Fire Officer from his own subordinates;

*(b)* who was the Office-in-charge of Fire Service before the present Fire Officer was appointed;

*(c)* what is the strength of the Fire Service Personnel at present?

**Rao Bahadur T. K. Nayar** *(Prime Minster):*

*(a)* No.

*(b)* The Assistant Commissioner of Police at Ernakulam and Mattancheri and the Reserve Inspector at Trichur.

*(c)* 97. (Fire Officer 1, Fire masters 3, Group-Ledaers3, Leading Firemen 15, Drivers 12, Firemen 60, Mechanic-drivers 2, Blacksmith 1).

**Mr. S. P. Luiz** *(Nominated):* May I know Sir, whether a Special Officer, one Mr. Gudino was sent up for training.

**Rao Bahadur T. K. Nayar** *(Prime Minister):* I want notice.

**Mr. S. P. Luiz** *(Nominated):* Is it a fact that in spite of the fact that he is the only fully trained and experienced hand, his claims have been overlooked and some other Officer has been put there? When a Special Officer has been sent for particular training and when he comes back after training and takes his job, is it proper that his claims are overlooked and somebody else appointed?

LIBRARY ARCHIVES Kerala Legislative Assembly